# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് രണ്ട്

## ദൈവം സംസാരിച്ചിരിക്കുന്നു

Wed ദൈവം സംസാരിക്കുന്നതോടുകൂടെയാണ് എബ്രായലേഖനം ആരംഭിക്കുന്നത്. ദിവ്യസംസാരമാണ് ഈ പുസ്തകത്തിന്റെ തുടക്കം. ദൈവം സംസാരിച്ചിരിക്കുന്നു! അവനെ സ്തുതിക്കുക! ദൈവം സംസാരിച്ചു എന്നത് തീർച്ചയായും ഒരു ചെറിയ കാര്യമല്ല. സംസാരിക്കാതിരുന്നാൽ ദൈവം മാർമികനാണ്. എന്നാൽ തന്റെ സംസാരത്തിൽ ദൈവം അവനെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. അവൻ ഇപ്പോൾ മാർമികനല്ല. ഇപ്പോൾ അവൻ വെളിപ്പെട്ടിരിക്കുന്ന ദൈവമാണ്.

ഈ പുസ്തകത്തിന്റെ ഊന്നൽ, മനുഷ്യനല്ല, ദൈവം സംസാരിച്ചു എന്നതാണ്. അതുകൊണ്ട്, ഈ പുസ്തകം എഴുതിയത് ആരാണെന്ന് അതു പ്രസ്താവിക്കുന്നില്ല. പഴയനിയമത്തിൽനിന്നുള്ള സകല ഉദ്ധരണികളിലും സംസാരിക്കുന്നവരുടെ പേരുകൾ പ്രസ്താവിക്കുന്നതുമില്ല. ഈ പുസ്തകത്തിന്റെ ആശയമനുസരിച്ച്, മുഴുവൻ തിരുവെഴുത്തും ദൈവത്തിന്റെ സംസാരമാണ്. ഇക്കാരണത്താൽ, അത് പഴയനിയമത്തെ പരാമർശിക്കുമ്പോൾ, അത് പരിശുദ്ധാത്മാവിന്റെ സംസാരമായിരുന്നുവെന്ന് എപ്പോഴും പറയുന്നു (3:7; 9:8; 10:15-17).

ദൈവത്തിന്റെ ഈ സംസാരം എന്ന ഈ കാര്യത്തെ നാം പരിഗണിക്കേണ്ടത് ആവശ്യമാണ്. പ്രപഞ്ചത്തിൽ ഒരു ദൈവം ഉണ്ടായിരുന്നെങ്കിൽ, അവൻ ചെയ്യുമായിരുന്ന ആദ്യത്തെ കാര്യം എന്തായിരിക്കും? തീർച്ചയായും, എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ്, അവൻ സംസാരിക്കുമായിരുന്നു. ദൈവം ജീവനുള്ളവനാണെങ്കിൽ, അവൻ നിശ്ചയമായും സംസാരിക്കണം. അവൻ യഥാർത്ഥ്യവാനാണെങ്കിൽ, അവന്റെ സംസാരം അവന്റെ യാഥാർഥ്യത്തെ സാക്ഷ്യപ്പെടുത്തുന്നു. അവൻ നീങ്ങുന്നവനാണെങ്കിൽ, അവൻ സംസാരിച്ചുകൊണ്ട് നീങ്ങും. അവൻ പ്രവർത്തിക്കുന്നവനാണെങ്കിൽ, അവൻ തീർച്ചയായും സംസാരിച്ചുകൊണ്ട് പ്രവർത്തിക്കും.

ജീവനുള്ള ഒരു വ്യക്തി സംസാരിക്കുന്ന ഒരു വ്യക്തിയാണ്. നിങ്ങൾ ജീവനുള്ള വ്യക്തിയാണെങ്കിൽ, നിങ്ങൾക്ക് ഒരു മണിക്കൂർ പോലും മിണ്ടാതിരിക്കുവാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിങ്ങൾ വീട്ടിൽ തനിച്ചാണെങ്കിലും, നിങ്ങൾ സംസാരിക്കണം എന്നു നിങ്ങൾ കണ്ടെത്തും. നിങ്ങൾ ദൂതന്മാരോടു സംസാരിക്കുന്നില്ലെങ്കിൽ, മറ്റെന്തിനോടെങ്കിലുമോ നിങ്ങളോടുതന്നെയോ നിങ്ങൾ സംസാരിച്ചേക്കും. ജീവനുള്ള വ്യക്തി സംസാരിച്ചിരിക്കണം.

നമ്മുടെ ദൈവം ജീവനുള്ളവനാണ്! അതിനാൽ നമ്മുടെ ദൈവം സംസാരിക്കുന്നു, അവന്റെ സംസാരം അവൻ ജീവനുള്ളവൻ എന്ന് സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ ദൈവം സംസാരിക്കുന്നതു കൊണ്ട് അവൻ ജീവനുള്ളവൻ എന്ന് നമുക്കറിയാം. ദൈവം ഇല്ല എന്ന് പറയുന്നത് എത്ര വിഡ്ഢിത്തമാണ്! അവന്റെ സംസാരം നിങ്ങൾ കേട്ടിട്ടില്ലേ? ദൈവം സംസാരിച്ചിരിക്കുന്നു! നിത്യത മുതൽ, സംസാരിക്കുന്ന ഈ ദൈവം ദശലക്ഷക്കണക്കിനു തവണ സംസാരിച്ചിരിക്കുന്നു. അവൻ ഒരിക്കലും സംസാരിച്ചിട്ടില്ലെങ്കിൽ വേദപുസ്തകം എവിടെനിന്നു വന്നു? വേദപുസ്തകത്തിൽ പ്രകടിപ്പി ച്ചിരിക്കുന്ന ജ്ഞാനം ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. എല്ലാ വാചകങ്ങളുമല്ലെങ്കിൽകൂടി, വേദപുസ്തകത്തിലെ വളരെയധികം വാചകങ്ങളെങ്കിലും ഒരിക്കലും ഒരു മനുഷ്യമനസ്സിൽ നിന്ന് പുറത്തുവരാൻ കഴിയുന്നതല്ല. നാല് സുവിശേഷങ്ങളും വ്യാജമായിരിക്കുകയും, ക്രിസ്തു ഇല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സുവിശേഷങ്ങൾ എഴുതിയ വ്യക്തി ക്രിസ്തുവാ യിരിക്കുവാൻ പൂർണമായി യോഗ്യനാണെന്ന് ഒരു വലിയ ഫ്രഞ്ച് തത്ത്വചിന്തകൻ പറഞ്ഞിട്ടുണ്ട്. സുവിശേഷങ്ങൾ എഴുതിയവൻ ക്രിസ്തുവായിരിക്കുവാൻ യോഗ്യനാണെന്ന് നിങ്ങൾ വിശ്വസി ക്കുന്നില്ലെങ്കിൽ, ഇത്തരം പുസ്തകങ്ങൾ എഴുതുവാൻ നിങ്ങൾ ശ്രമിച്ചുനോക്കൂ. ഇങ്ങനെയുള്ള അഗാധവും ജ്ഞാനപൂർണവുമായ രീതിയിൽ ആർക്കാണ് പറയുവാൻ കഴിയുക? പത്രൊസ് ഗലീലക്കാരനായ ഒരു മീൻപിടിത്തക്കാരനും യോഹന്നാൻ വല നന്നാക്കുന്നവനും ആയിരുന്നു. അവർ ഒരു സർവകലാശാലയിൽ നിന്ന് ബിരുദം നേടിയവരല്ല. എവിടെ നിന്നാണ് അവർ തങ്ങളുടെ ജ്ഞാനം പ്രാപിച്ചത്? "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു... അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹന്നാൻ 1:1, 4). ലളിതമെങ്കലും ഇത്ര അഗാധമായ വാക്കുകൾ ആർക്കാണ് ഉച്ചരിക്കുവാൻ കഴിയുക? നിശ്ചയമായും ഗലീലിയിൽനിന്നുള്ള വലകൾ നന്നാക്കുന്ന ഒരു ചെറിയ വ്യക്തിക്ക് സാധ്യമല്ല. ദൈവത്തിനു മാത്രമേ ഈ രീതിയിൽ സംസാരിക്കാൻ കഴിയുകയുള്ളൂ. ദൈവം ഇല്ലെന്ന് നിങ്ങൾക്ക്

എങ്ങനെ പറയുവാൻ കഴിയും? ബൈബിളുമായി താരതമ്യപ്പെടുത്തുവാൻ നിങ്ങൾക്ക് മറ്റൊരു പുസ്തകം കണ്ടെത്തുവാൻ കഴിയുമോ? ഇതുമായി താരതമ്യപ്പെടുത്തുവാൻ കഴിയുന്ന മറ്റൊരു പുസ്തകവുമില്ല. അഗാധമായ ജ്ഞാനം ഇതിലുള്ളതിനാൽ വേദപുസ്തകമാണ് എല്ലാ പുസ്തകങ്ങളിലുംവച്ച് ശ്രേഷ്ഠമായ പുസ്തകം.

വേദപുസ്തകം വെളിച്ചവും വഹിക്കുന്നു. ഈ പുസ്തകം ചെയ്യുന്നതുപോലെ മറ്റൊരു പുസ്തകവും ജനത്തെ പ്രകാശിപ്പിക്കുന്നില്ല. ഈ ദൂതുകൾ വായിക്കുന്ന നിങ്ങളിൽ അനേകരും വളരെ നല്ല വിദ്യാഭ്യാസമുള്ളവരാണ്. നിങ്ങൾ ധാരാളം പുസ്തകങ്ങളും പത്രങ്ങളും വായിച്ചിട്ടുണ്ട്. ദയവായി എന്നോട് പറയൂ, ആ പുസ്തകങ്ങളിൽ ഏതെങ്കിലുമോ പത്രങ്ങളോ നിങ്ങളെ പ്രകാശിപ്പിച്ചിട്ടുണ്ടോ? ആളുകൾ പത്രങ്ങൾ വായിക്കുമ്പോഴെല്ലാം അവർ ഇരുണ്ടതാക്കപ്പെടുകയും മറയുള്ളവരാക്കപ്പെടുകയും ലഹരിപിടിപ്പിക്കപ്പെടുകയും ലഹരിക്ക് അടിമയാക്കപ്പെടുകയും മന്ദതയുള്ളവരാക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും, നാം വേദപുസ്തകത്തിലേക്കു വരുമ്പോഴെല്ലാം, അധ്യായം ഏതായാലും, നമ്മുടെ മേൽ വെളിച്ചം പ്രകാശിക്കുന്നുവെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്താൻ കഴിയും. സർപ്പത്തെക്കുറിച്ച് സംസാരിക്കുന്ന ഉല്പത്തി 3:1 എന്ന വാക്യത്തിലൂടെപോലും വെളിച്ചം പ്രകാശിക്കാം. നിങ്ങൾ ഒരുക്കമുള്ളവരല്ലാത്തതുകൊണ്ട് ഒരുപക്ഷേ വെളിച്ചം പെട്ടെന്ന് പ്രകാശിക്കുന്നില്ലായിരിക്കാം. പ്രകാശിക്കുവാൻ വെളിച്ചം തയ്യാറാണ്, എന്നാൽ അതിനു തുറന്നുകൊടുക്കുവാൻ നിങ്ങൾ തയ്യാറല്ല. എങ്കിലും, ഒടുവിൽ, വെളിച്ചം വരുന്നു.

ഉദാഹരണമായി നമുക്ക് ഉല്പത്തി 3:1 ഉപയോഗിക്കാം. "യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു." ഒരു പ്രഭാതത്തിൽ, ഒരു യുവസഹോദരി ഈ വാക്യം വായിക്കുകയും അത് അവളിലേക്ക് കടക്കുകയും ചെയ്തു. അതിരാവിലെ ആ വാക്യം അവൾ വായിച്ചപ്പോൾ അവൾക്ക് അതിനെക്കുറിച്ച് ഒരു ധാരണയും ഉണ്ടായിരുന്നില്ല. പിന്നീട് രാവിലെ അവളുടെ സഹപാഠികളിൽ ഒരുവൾ ഒരുതരം പ്രലോഭനവുമായി അവളുടെ അടുക്കൽ വന്നു. പെട്ടെന്ന്, ആ യുവസഹോദരിയിലേക്ക് "പാമ്പ് കൗശലമേറിയതായിരുന്നു" എന്ന വചനം വന്നു. അവളുടെ സഹപാഠി എത്രമാത്രം സംസാരിച്ചുവോ, അത്രയധികം ഈ വചനം അവളിലേക്ക് വന്നുകൊണ്ടിരുന്നു. ഒടുവിൽ ഈ സഹോദരി തന്റെ ഉള്ളിൽ പറഞ്ഞു, "ചെറിയ പാമ്പേ, എന്നിൽ നിന്നും കടന്നുപോകുക." എന്റെ ശുശ്രൂഷയിലുടനീളം ഇത്തരത്തിലുള്ള നൂറുകണക്കിന് സാക്ഷ്യങ്ങൾ ഞാൻ കേട്ടിട്ടുണ്ട്.

ദിവ്യവചനം വായിക്കുന്നതിലൂടെ ജനം പ്രകാശിപ്പിക്കപ്പെടുന്നു. ഒരു മാസികയോ പത്രമോ വായിച്ചതിന്റെ ഫലമായി

പ്രകാശിപ്പിക്കപ്പെട്ടുവെന്ന് ആർക്കെങ്കിലും സാക്ഷ്യപ്പെടുത്താൻ കഴിയുമോ? അങ്ങനെയുള്ള യാതൊരു സാക്ഷ്യങ്ങളുമില്ല, കാരണം അങ്ങനെയുള്ള രചനകൾ ദൈവവചനമല്ല. എന്നാൽ മുഴുവൻ വേദപുസ്തകവും ദൈവത്തിന്റെ സംസാരത്തിന്റെ ഒരു സംരചനയാണ്. നിങ്ങൾ *സാത്താൻ* എന്ന പദം ഒരു വർത്തമാന പത്രത്തിൽ വച്ചാൽ അത് യാതൊന്നും അർഥമാക്കുന്നില്ല, എന്നാൽ നിങ്ങൾ അത് ബൈബിളിൽ വായിക്കുമ്പോൾ, പ്രത്യേകിച്ചും നിങ്ങൾ പ്രാർഥനാവായന ചെയ്യുമ്പോൾ നിങ്ങൾ പ്രകാശിപ്പിക്കപ്പെടുകയും സാത്താൻ തുറന്നുകാട്ടപ്പെടുകയും ചെയ്യുന്നു.

നിരവധി സമയങ്ങളിൽ നാം വചനത്താൽ പ്രകാശിപ്പിക്കപ്പെടുക മാത്രമല്ല, ജീവിപ്പിക്കപ്പെടുകയും ഉണർത്തപ്പെടുകയും ജീവനുള്ളവരാക്കപ്പെടുകയും ചെയ്യുന്നു. ഒരു പത്രത്തിന്റെ വാക്കുകൾ ഉപയോഗിച്ച് പ്രാർഥിക്കുവാൻ ശ്രമിക്കുകയും അപ്പോൾ എന്തു സംഭവിക്കുന്നുവെന്ന് കാണുകയും ചെയ്യുക. നിങ്ങൾഎത്രത്തോളം വാക്കുകൾആവർത്തിക്കുന്നുവോ അത്രയധികം നിങ്ങൾഇരുണ്ടതാകുകയും കൊല്ലപ്പെടുകയും ചെയ്യും. എന്നാൽ നിങ്ങൾ വേദപുസ്തകം പ്രാർഥനാവായന ചെയ്യുമ്പോൾ ജീവിപ്പിക്കപ്പെടുന്നു. വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ സംസാരമാണെന്നതിന്റെ ശക്തമായ ഒരു തെളിവാണിത്. ദൈവം സംസാരിച്ചിരിക്കുന്നു! വേദപുസ്തകത്തിലെ ഒരു വാക്യം വായിച്ചതിലൂടെ മഹാപാപികൾ രക്ഷിക്കപ്പെട്ടത് നൂറിലധികം പ്രാവശ്യം ഞാൻ കണ്ടിട്ടുണ്ട്. ഒരു നിമിഷം കൊണ്ട് അവരുടെ ജീവിതം മുഴുവനും മാറി. അത് വിശുദ്ധ വചനം പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു.

ദൈവം സംസാരിച്ചിരിക്കുന്നു, അവൻ ഇപ്പോഴും സംസാരിക്കുന്നു. അവൻ നിങ്ങളുടെ ഹൃദയത്തോടും നിങ്ങളുടെ ആത്മാവിനോടും സംസാരിക്കുന്നു. നമ്മുടെ ദൈവം ജീവനുള്ളവനെന്ന് നമുക്ക് എങ്ങനെ അറിയാം? അവൻ നമ്മോട് സംസാരിക്കുന്നതുകൊണ്ട്. അവൻ ചലിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് നമുക്ക് എങ്ങനെ അറിയാം? അവൻ സംസാരിക്കുന്നതുകൊണ്ട്. കഴിഞ്ഞ നാൽപത്തിയെട്ട് മണിക്കൂറിലെ നിങ്ങളുടെ അനുഭവം നോക്കുക. ആ സമയത്ത് ദൈവം നിങ്ങളോട് സംസാരിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? കഴിഞ്ഞ നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ ദൈവത്തിന്റെ സംസാരം നാം കേട്ടുവെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അവൻ സംസാരിക്കുന്നതുകൊണ്ട് അവൻ യഥാർഥവാനാണെന്നും ജീവനുള്ളവനാണെന്നും നീങ്ങുന്നവനാണെന്നും നമുക്കറിയാം. ദൈവം എവിടെയാണ്? ദൈവം തന്റെ സംസാരത്തിലാണ്. അവൻ ദിവസം തോറും സംസാരിക്കുന്നു.

എന്താണ് ദൈവത്തിന്റെ സംസാരം? ദൈവത്തിന്റെ സംസാരം വചനം മാത്രമല്ല; അത് അവന്റെ ശ്വാസവുമാണ്. ദൈവം സംസാരിക്കുമ്പോൾ, അവൻ അവനെത്തന്നെ നമ്മിലേക്ക് ശ്വസിക്കുന്നു. ദൈവം നിങ്ങളോട് സംസാരിക്കുമ്പോഴെല്ലാം അവൻ നിങ്ങളിലേക്ക് കടക്കുന്നു. അതുകൊണ്ട്, ദൈവത്തിന്റെ സംസാരം നിങ്ങൾ കേൾക്കുകയും ദൈവവചനം സ്വീകരിക്കുകയും ചെയ്യുമ്പോഴൊക്കെയും നിങ്ങൾ ദൈവവുമായി മുഴുകിയിരിക്കുന്നു. അവൻ തന്റെ സംസാരത്താൽ നമ്മെ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിക്കുന്നു. എത്ര തവണ എന്നെ അവൻ ശല്യപ്പെടുത്തിയിട്ടുണ്ടെന്ന് എനിക്കറിയില്ല. ദൈവവുമായി ഇടപഴകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ, അവൻ സംസാരിക്കുമ്പോൾ നിങ്ങളുടെ ചെവി അടയ്ക്കുന്നതാണ് നല്ലത്. അവന്റെ സംസാരം നിരന്തരമാണ്. അവൻ ഒരിക്കലും തന്റെ വാക്കുകൾ വിഴുങ്ങുകയില്ല. ഒരിക്കൽ അവൻ തന്റെ വചനം പുറത്തേക്കു ശ്വസിച്ചുകഴിഞ്ഞാൽ, അവൻ ഒരിക്കലും അത് തിരിച്ചെടുക്കുകയില്ല. "നിങ്ങളുടെ ഭാര്യയുടെ അടുത്തുചെന്ന് അവളോട് ക്ഷമ ചോദിക്കുക" എന്ന് ദൈവം നിങ്ങളോട് പറയുന്നുവെന്ന് കരുതുക. "ഞാൻ എന്തിന് അവളുടെ അടുത്തുചെന്ന് ക്ഷമ ചോദിക്കണം? എനിക്ക് അത് ചെയ്യുവാൻ കഴിയുകയില്ല" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ വാദിച്ചേക്കാം. എന്നാൽ "പോയി ക്ഷമ ചോദിക്കുക" എന്ന വാക്ക് നിങ്ങളിലേക്ക് വന്നുകൊണ്ടേയിരിക്കുന്നു. കർത്താവിൽ നിന്നും അങ്ങനെയുള്ള ഒരു വാക്ക് അനുസരിക്കാത്ത ചിലർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്, അവരുടെ സ്വപ്നങ്ങളിൽപോലും പോയി ക്ഷമ ചോദിക്കുക എന്ന അവന്റെ വാക്ക് അവർ പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ്. ഭാര്യ ഉണർന്നിട്ട് പറയുന്നു, "പോയി ക്ഷമ ചോദിക്കുക" എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്?" പോയി ഭാര്യയോട് ക്ഷമ ചോദിക്കുവാൻ ദൈവം ആ സഹോദരനോട് സംസാരിച്ചു. അവൻ അതു ചെയ്തില്ല. അങ്ങനെ ഒടുവിൽ അവന്റെ സ്വപ്നങ്ങളിൽ, "പോയി ക്ഷമ ചോദിക്കുക" എന്ന് അവൻ പറഞ്ഞു. ദൈവത്തിന്റെ സംസാരം അത്രമാത്രം നിരന്തരമാണ്.

1925-ൽ എന്നോടുള്ള കർത്താവിന്റെ സംസാരം ഞാൻ കേൾക്കുവാൻ തുടങ്ങി. എട്ടു വർഷം ഞാൻ അവനെ അനുസരിച്ചില്ലെങ്കിലും ആ വാക്ക് എന്നെ വിട്ടുപോയില്ല. ആഴ്ചകളോളം ഞാൻ ദൈവവുമായി തർക്കിക്കുകയും അവനുമായി വാദിക്കുകയും ചെയ്തു. "ഇല്ല, എനിക്ക് അത് ചെയ്യുവാൻ കഴിയില്ല" എന്ന് ഞാൻ അവനോടു പറഞ്ഞു. അവൻ എന്നോട് തർക്കിച്ചില്ല. ഞാൻ വാദിച്ചപ്പോൾ അവൻ മിണ്ടാതിരുന്നു. എന്റെ വാദം അവസാനിച്ചപ്പോൾ, അവൻ വീണ്ടും സംസാരിക്കുവാൻ തുടങ്ങി. ഞാൻ പറഞ്ഞു, "കർത്താവേ, ഞാൻ ഇതു കേട്ടുകഴിഞ്ഞു." എന്നിരുന്നാലും, ഞാൻ അവനുമായി തർക്കിക്കുമ്പോൾ അവൻ

ഒരു വാക്കുപോലും പറഞ്ഞില്ലെങ്കിലും, ഞാൻ ശാന്തനായിരുന്നപ്പോൾ, എട്ട് വർഷക്കാലം അവൻ വീണ്ടും വീണ്ടും സംസാരിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവനെ കേൾക്കുകയും കീഴടങ്ങുകയും ചെയ്യുകയല്ലാതെ എനിക്ക് മറ്റു മാർഗമൊന്നും ഉണ്ടായിരുന്നില്ല. ഞാൻ അനുസരിച്ചപ്പോൾ സംസാരം നിന്നു. നാം അനുസരിച്ചുകഴിഞ്ഞാൽ, ആ സംസാരം നിൽക്കുന്നു.

Thu ദൈവവചനം ഒരിക്കൽ അവന്റെ വായിൽ നിന്ന് വന്നുകഴിഞ്ഞാൽ, ആർക്കും അതിനെ അവനിലേക്ക് മടക്കി അയയ്ക്കുവാൻ കഴിയുകയില്ല. ഈ ജീവിതകാലത്ത് ദൈവം സംസാരിക്കുന്നത് നിങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ, അടുത്തതിൽ നിങ്ങൾ അത് അനുസരിക്കും. ദൈവം സംസാരിച്ചത് സകല മാനവജാതിയും വിശ്വസിക്കും. ഇന്ന് അവർ അത് വിശ്വസിക്കുന്നില്ലെങ്കിൽ, നിത്യതയിൽ അവർ അത് വിശ്വസിക്കും.

ദൈവം സംസാരിച്ചിരിക്കുന്നു, അവൻ ഇപ്പോഴും സംസാരിക്കുന്നു. നമ്മുടെ ദൈവം സംസാരിക്കുന്നതുകൊണ്ട് അവൻ യഥാർഥവാനാണെന്ന് നമുക്കറിയാം. ദൈവം തന്റെ പ്രത്യുദ്ധാരത്തിൽ പ്രവർത്തിക്കുന്നുവെന്ന് നമുക്കെങ്ങനെ അറിയാം? കാരണം അവൻ സംസാരിക്കുന്നു. അനേകം വർഷങ്ങളായി ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നുവെങ്കിലും, ദൈവത്തിന്റെ സംസാരം നമ്മുടെ ഇടയിൽ ഇന്നത്തെപ്പോലെ ഇത്രയധികം ഞാൻ കേട്ടിട്ടില്ല. 1 ശമൂവേൽ 3:1 പറയുന്നു, ആ നാളുകളിൽ യഹോവയുടെ വചനം ദുർലഭമായിരുന്നു. കിംഗ് ജയിംസ് പതിപ്പ് *ദുർലഭം* എന്നതിനുപകരം *വിലയേറിയത്* എന്ന പദം ഉപയോഗിക്കുന്നു. ദുർലഭമായ എന്തും വിലപ്പെട്ടതാണ്. 1 ശമൂവേൽ 3-ന്റെ നാളുകളിൽ ദൈവവചനം ദുർലഭമായിരുന്നു, എന്നാൽ ഇന്ന് ദുർലഭമല്ല. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇന്ന് ദൈവവചനത്തിന്റെ പെരുക്കമുണ്ട്. ദൈവവചനത്തിന്റെ സമൃദ്ധി ഉണ്ട്. ദിനംതോറും ഓരോ യോഗത്തിലും ദൈവം സംസാരിക്കുന്നു. അവൻ സംസാരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ലേ? അവൻ പ്രവർത്തിക്കുന്നുവെന്ന് അവന്റെ സംസാരം തെളിയിക്കുന്നു.

നമ്മുടെ ഇടയിലുള്ള ഓരോരുത്തനും ദൈവത്തിന്റെ സംസാരത്തിന്റെ ഒരു അളവുണ്ട്. എങ്കിലും, നമുക്ക് ദൈവത്തിന്റെ സംസാരത്തിന്റെ സമൃദ്ധി ഉണ്ടെന്ന് നാം പറയുമ്പോൾ, നാം എന്തിനെക്കുറിച്ചാണു പറയുന്നതെന്ന് അവർക്കു മനസ്സിലാകുന്നില്ലെന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇല്ലാത്ത അനേകം ക്രിസ്ത്യാനികൾ പറയാറുണ്ട്. ഈ കാര്യം അവർക്ക് വിശദീകരിച്ചുകൊടുത്താൽ അവർ പറയും, "ദൈവം സംസാരിക്കുന്നത് ഞാൻ കേട്ടിട്ട് വളരെക്കാലമായി." ഇത്രയധികം ക്രിസ്ത്യാനികൾക്കിടയിൽ

എന്തുകൊണ്ടാണ് ദൈവത്തിന്റെ സംസാരം ഇല്ലാത്തത്? കാരണം, അവരുടെ ഇടയിൽ ദൈവത്തിന്റെ നീക്കമില്ല. ദൈവത്തിന്റെ പ്രവൃത്തി അവിടെയില്ല.

ദൈവത്തിന്റെ സംസാരം ഇല്ലാതിരിക്കുന്നത് ഒരു ശിക്ഷയാണ്. 1 ശമൂവേൽ 3-ന്റെ നാളുകളിൽ, ദൈവവചനം ദുർലഭമായിരുന്നു. അത് ഏലി പുരോഹിതന്റെ കുടുംബത്തിനും ഭവനത്തിനും ഒരു ശിക്ഷയായിരുന്നു. നിങ്ങൾ ദൈവത്തിന്റെ അനുഗ്രഹത്തിൻകീഴിൽ ആയിരിക്കുമ്പോൾ, ദൈവം ഓരോ മിനിറ്റിലും സംസാരിക്കുകയായിരിക്കും. നിങ്ങളോടുള്ള ദൈവത്തിന്റെ സംസാരം തെളിയിക്കുന്നത് നിങ്ങൾ അവന്റെ അനുഗ്രഹത്തിൻ കീഴിലാകുന്നു എന്നാണ്. അവന്റെ പ്രത്യുദ്ധാരത്തിലുള്ള നമ്മുടെ ഇടയിൽ ദൈവത്തിന്റെ സംസാരത്തിന്റെ സമൃദ്ധിയുണ്ട്. എല്ലാവരും അവന്റെ സംസാരം കേൾക്കുന്നു. ദൈവം നിങ്ങളോട് സംസാരിക്കുന്നുണ്ടോ? അതിനർഥം അവൻ യഥാർഥവാനും ജീവനുള്ളവനും നീങ്ങുന്നവനും ആകുന്നു എന്നാണ്.

അനേകം സഹോദരിമാരും കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്കു വരുന്നതിനുമുമ്പ്, തങ്ങളുടെ ഭർത്താക്കന്മാരുമായി കോപത്തിലായിരിക്കുമ്പോൾ അതിനെക്കുറിച്ച് യാതൊരു തരത്തിലും ബോധ്യമുണ്ടായിരുന്നില്ല. ഒരു നല്ല കാരണത്തിനു വേണ്ടിയാണ് ഭർത്താക്കന്മാരുമായി കോപത്തിലായിരിക്കുന്നതെന്നും അങ്ങനെയുള്ള കോപം പൂർണമായി ശരിയാണെന്നും അവർക്കു തോന്നിയിരുന്നു. അവരുടെ കോപം തികച്ചും ന്യായമാണെന്ന് അവർക്ക് മറ്റുള്ളവരോട് പറയുവാൻപോലും കഴിഞ്ഞു. ഇപ്പോൾ ഇതേ സഹോദരിമാർ കർത്താവിന്റെ പ്രത്യുദ്ധാരത്തിലാണ്, അവർ തങ്ങളുടെ സംയമം നഷ്ടപ്പെടുമ്പോഴെല്ലാം പെട്ടെന്ന് ദൈവം അവരോടു സംസാരിക്കുന്നുവെന്ന് കണ്ടെത്തുന്നു. തങ്ങളുടെ ഭർത്താക്കന്മാരുമായി കോപത്തിലായിരിക്കുവാൻ അവർക്ക് ഇനിമേൽ സ്വാതന്ത്ര്യമില്ല. അവർ തങ്ങളുടെ ഭർത്താക്കന്മാരുമായി കോപിഷ്ഠരായിത്തീർന്നാൽ ദൈവം അതിനെക്കുറിച്ച് അവരോടു സംസാരിക്കുന്നു. ശനിയാഴ്ച രാത്രി അവർ ഭർത്താക്കന്മാരോട് ദേഷ്യത്തിലാണെങ്കിൽ, അടുത്ത ദിവസം കർത്താവിന്റെ മേശയിൽ പങ്കെടുക്കുവാൻ അവർക്ക് സമാധാനമില്ലായിരിക്കും. ദൈവം നമ്മുടെ ഇടയിൽ നീങ്ങുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്ന് ഈ സംസാരം തെളിയിക്കുന്നു.

ജീവനുള്ള ദൈവം സംസാരിക്കുന്നതിലൂടെ അവനെത്തന്നെ നമ്മിലേക്ക് പകരുന്നു. റോമാലേഖനത്തിന്റെ ജീവപഠന സമയത്ത് കർത്താവു നമുക്ക് *സന്നിവേശം* എന്ന ഒരു നല്ല പദം തന്നു. അവനെത്തന്നെ നമ്മിലേക്ക് സന്നിവേശിപ്പിക്കുവാൻ

ദൈവം ആഗ്രഹിക്കുന്നു. ഇതു മുഖ്യമായും സാധ്യമാകുന്നത് സംസാരിക്കുന്നതിലൂടെയാണ്. അവൻ എത്രയധികം നമ്മോടു സംസാരിക്കുന്നുവോ, അത്രയുമധികം അവന്റെ ദിവ്യ മൂലകം നിങ്ങളുടെ ആളത്തത്തിലേക്ക് പകരപ്പെടുകയോ സന്നിവേശിപ്പിക്കപ്പെടുകയോ ചെയ്യും. നിങ്ങൾ എത്രത്തോളം അവന്റെ സംസാരത്തിൽ ആയിരിക്കുന്നുവോ, അത്രത്തോളം നിങ്ങൾ അവന്റെ ദിവ്യ മൂലകങ്ങളെല്ലാംകൊണ്ട് സന്നിവേശിപ്പിക്കപ്പെടുന്നു. ഒരിക്കൽ നിങ്ങൾ അവന്റെ സംസാരം കേട്ടാൽ നിങ്ങൾക്ക് ഒരിക്കലും പഴയതുപോലെ ആയിരിക്കുവാൻ കഴിയുകയില്ല.

ദൈവവചനം നമുക്ക് മൂന്ന് കാര്യങ്ങൾ കൊണ്ടുവരുന്നു എന്നതിന് സംശയമില്ല. ഇവയിൽ ഒന്നാമത്തേത് വെളിച്ചമാണ്. ദൈവം സംസാരിക്കുമ്പോൾ വെളിച്ചം പ്രകാശിക്കുന്നു. ദൈവവചനത്തിലുള്ള ഒന്നാമത്തെ മൂലകം വെളിച്ചമാണ്. ദൈവവചനം ഉള്ളിടത്ത് വെളിച്ചമുണ്ട്. അതിനെ നിങ്ങൾക്ക് വിശദീകരിക്കേണ്ടതോ വ്യാഖ്യാനിക്കേണ്ടതോ ആയ ആവശ്യമില്ല. വെളിച്ചം പ്രകാശിക്കുന്നു, കാരണം വചനം വെളിച്ചത്തെ വഹിക്കുന്നു. ദിവ്യവചനം മികച്ച പ്രകാശകനാണ്, ഏറ്റവും മികച്ച വെളിച്ചവാഹിനിയാണ്. അവൻ സംസാരിക്കുമ്പോൾ അവൻ പ്രകാശിക്കുന്നു. നമുക്കെല്ലാവർക്കും നമ്മുടെ അനുഭവത്താൽ ഇത് തെളിയിക്കുവാൻ കഴിയും. നാം അവന്റെ വചനം കേൾക്കുമ്പോഴെല്ലാം നാം അവന്റെ പ്രകാശിക്കലിൻ കീഴിലാണ്. ഈ പ്രകാശിക്കൽ നമുക്ക് വെളിച്ചത്തെ കൊണ്ടുവരുന്നു. ഈ വെളിച്ചത്തിൽ വിവേകവും ദർശനവും ശരിയായ ജ്ഞാനവും പരിജ്ഞാനവും ഉച്ചാരണവും ഉണ്ട്. വെളിച്ചത്തിൽ നിരവധി കാര്യങ്ങൾ ഉൾപ്പെടുന്നു: വിവേകവും ദർശനവും പരിജ്ഞാനവും ജ്ഞാനവും ഉച്ചാരണവും. നിങ്ങൾക്ക് വെളിച്ചം ഉണ്ടെങ്കിൽ, നിങ്ങൾക്ക് കാണുവാനുള്ള ശക്തിയും കാഴ്ചയും ദർശനവും ഉണ്ട്. നിങ്ങൾക്ക് വെളിച്ചമുള്ളപ്പോൾ നിങ്ങൾക്ക് അറിവും വിവേകവും ജ്ഞാനവുമുണ്ട്. ഇത് നിങ്ങൾക്ക് ഉച്ചാരണം നൽകുന്നു, നിങ്ങൾക്ക് ഊമനായിരിക്കുവാൻ കഴിയില്ല. അനഹേമിലെ ഡിസ്നിലാൻഡ് സന്ദർശിക്കുന്ന വിനോദസഞ്ചാരികളാരും മിണ്ടാതിരിക്കുന്നില്ല. അവിടെയുള്ള കാഴ്ചകളെല്ലാം കാണുമ്പോൾ അവർ നിറഞ്ഞ് തുളുമ്പുന്നു. നിങ്ങൾ ഡിസ്നിലാൻഡിൽ പ്രവേശിച്ചുകഴിഞ്ഞാൽ, നിങ്ങൾക്കെങ്ങനെ മിണ്ടാതിരിക്കുവാൻ കഴിയും? നന്നായി സംസാരിക്കുവാൻ കഴിയാത്ത കൊച്ചുകുട്ടികൾക്കു പോലും ഉച്ചാരണമുണ്ടാകും, കാരണം അവർ ധാരാളം കാര്യങ്ങൾ കാണുന്നു.

ഞായറാഴ്ച പതിനൊന്ന് മണിക്കുള്ള ശുശ്രൂഷയിൽ ക്രിസ്തീയ സംഘടനകളിലെ ഇരിപ്പിടാംഗങ്ങൾ എന്തുകൊണ്ട് അവരുടെ ഇരിപ്പിടങ്ങളിൽ ഊമരായി ഇരിക്കുന്നു? അവർക്ക്

വെളിച്ചത്തിന്റെ കുറവുള്ളതുകൊണ്ടും യാതൊന്നും കാണാത്തതുകൊണ്ടുമാണ്. നിങ്ങൾ ഇരുട്ടിലായിരിക്കുമ്പോൾ, സംസാരിക്കുവാൻ പ്രയാസമാണ്. നിങ്ങൾ ഇരുട്ടിലായിരിക്കുമ്പോൾ സംസാരിക്കുവാൻ ശ്രമിക്കുക. നിങ്ങൾ യാതൊന്നും കാണാത്തതുകൊണ്ട് ഊമനായിരിക്കും. നിങ്ങൾക്ക് യാതൊന്നും പറയാനുണ്ടാവില്ല. ഞാൻ അന്ധനും നിങ്ങൾ എന്നോട് സംസാരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ എനിക്ക് യാതൊന്നും പറയുവാൻ ഉണ്ടായിരിക്കുകയില്ല. നാം വെളിച്ചത്തിലായിരിക്കുമ്പോൾ അത് എത്ര വ്യത്യസ്തമാണ്! വെളിച്ചം വരുമ്പോൾ നിങ്ങൾ വളരെയധികം കാണുന്നതുകൊണ്ട് ധാരാളം കാര്യങ്ങൾ പറയുവാനുണ്ട്. നിങ്ങൾ ധാരാളം ആളുകളെയും സ്ഥലങ്ങളെയും കാര്യങ്ങളെയും കാണുന്നു. നിങ്ങൾ വളരെ അധികം കാണുകയും സ്വമേധയാ സംസാരിക്കുകയും ചെയ്യുന്നു..

വെളിച്ചം കാഴ്ചയെ ഉളവാക്കുകയും, കാഴ്ച ഉച്ചാരണത്തെ ഉളവാക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് യോഗങ്ങൾക്കു വരുമ്പോൾ എല്ലാ സഭാംഗങ്ങളും ഇത്രത്തോളം നിറഞ്ഞ് തുളുമ്പുന്നത്? കാരണം അവരെല്ലാവരും എന്തെങ്കിലും കണ്ടിരിക്കുന്നു, തൽഫലമായി അവർക്ക് എന്തെങ്കിലും പറയുവാനുണ്ട്. നാം കാണുന്ന കാര്യങ്ങൾ സ്വമേധയാ നമ്മുടെ ഉച്ചാരണത്തിൽ പുറത്തുവരുന്നു. പറയുന്നതിനായി എന്തെങ്കിലും ചിന്തിക്കേണ്ട ആവശ്യമില്ല. നാം കാണുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. വെളിച്ചം കാഴ്ചയെ ഉളവാക്കുന്നു. വെളിച്ചം വചനത്തിൽനിന്നു വരുന്നു. നിങ്ങൾക്ക് വചനം ഉള്ളപ്പോൾ വെളിച്ചമുണ്ട്.

വർഷങ്ങളായുള്ള എന്റെ സംസാരത്തിൽ അനേകം ആളുകൾ ആശ്ചര്യപ്പെടുകയും, എന്റെ ദൂതുകൾ എനിക്ക് എവിടെനിന്നാണു ലഭിക്കുന്നതെന്ന് എന്നോട് ചോദിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ ദൂതുകളെല്ലാം സ്വർഗീയ കാഴ്ചയിൽനിന്ന്, സ്വർഗീയമായ വിശുദ്ധദേശ യാത്രയിൽനിന്ന് വരുന്നു. മിക്കവാറും എല്ലാ പ്രഭാതത്തിലും എനിക്കൊരു യാത്ര ഉണ്ടായിരിക്കുകയും നിരവധി കാര്യങ്ങൾ കാണുകയും ചെയ്യുന്നു. ഞാൻ വചനത്തിൽ വളരെയധികം കാണുന്നതുകൊണ്ട് എനിക്ക് വളരെയധികം പറയുവാനുണ്ട്. വചനം വെളിച്ചത്തെ കൊണ്ടുവരുകയും, വെളിച്ചം കാഴ്ചയെയും ദർശനത്തെയും കൊണ്ടുവരുകയും, ദർശനം അറിവും ജ്ഞാനവും ഉച്ചാരണവും നൽകുകയും ചെയ്യുന്നു. ഇത് ചത്ത അക്ഷരങ്ങളിലുള്ള അറിവല്ല; ഇത് ജീവപരിജ്ഞാനം, ജീവനാൽ നിറഞ്ഞ പരിജ്ഞാനമാണ്. ഇതെല്ലാം വചനത്തിൽ നിന്നു വരുന്നു.

വചനം നമുക്ക് ജീവനും കൊണ്ടുവരുന്നു. താൻ സംസാരിക്കുന്ന വാക്കുകൾ ആത്മാവും ജീവനുമാണെന്ന്

കർത്താവായ യേശു പറഞ്ഞു (യോഹ. 6:63). "ആദിയിൽ വചനം ഉണ്ടായിരുന്നു...അവനിൽ ജീവൻ ഉണ്ടായിരുന്നു"(യോഹ. 1:1, 4). വചനത്തിൽ ജീവൻ ഉണ്ട്. നിങ്ങൾ വചനത്തെ സ്പർശിക്കുമ്പോൾ, നിങ്ങൾ ജീവിപ്പിക്കപ്പെടുന്നു. നാം എന്തുകൊണ്ടാണ് ഇത്രത്തോളം ജീവനുള്ളവരായിരിക്കുന്നത്? വചനം നിമിത്തം. വർഷങ്ങളായി ഞാൻ ക്രിസ്ത്യാനികളുടെ നിരവധി ഗ്രൂപ്പുകൾ കണ്ടിട്ടുണ്ട്, എന്നാൽ ഇന്ന് സഭാജീവിതത്തിൽ ഉള്ളതുപോലെയുള്ള ഒരു കൂട്ടത്തെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ചെറുപ്പക്കാരായ നിരവധിപേർ വേദപുസ്തകത്തോട് രാവും പകലും ഇടപെടുന്നു. ഇത് നല്ല ഒരു അടയാളമാണ്. വേദപുസ്തകത്തെ എറിഞ്ഞുകളയുവാൻ വിറ്റ്നസ് ലീ ആളുകളോട് പറയുന്നുവെന്നുള്ള അഭ്യൂഹം ചില ആളുകൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇതൊരു പൈശാചിക നുണയാണ്! വചനത്തെ സ്വീകരിക്കുവാൻ നമ്മുടെ ശുശ്രൂഷ ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ മറ്റാരും വിശുദ്ധന്മാരോട് ആവശ്യപ്പെടുന്നില്ല. ഓരോ ദൂതിലും നാം ഉപയോഗിക്കുന്ന വാക്യങ്ങളുടെ എണ്ണംതന്നെ നോക്കുക!

എന്തുകൊണ്ടാണ് സഭാജനം ഇത്ര ജീവനുള്ളവരായിരിക്കുന്നത്? അത് വചനത്തിലുള്ള ജീവൻ നിമിത്തമാണ്. നിങ്ങൾ സഭയിലേക്ക് വന്നതിനുമുമ്പ്, വളരെ ജീവനുള്ളവനായിരുന്നില്ല. നിങ്ങൾ വിശന്നു മരിക്കുകയായിരുന്നു. നിങ്ങൾക്ക് വചനത്തിന്റെ കുറവുണ്ടായിരുന്നു. ഇപ്പോൾപോലും, നിങ്ങൾ രണ്ടാഴ്ചത്തേക്ക് വചനത്തിൽനിന്നും ദൂതുകളിൽനിന്നും യോഗങ്ങളിൽനിന്നും മാറിനിൽക്കുവെന്നുവെങ്കിൽ, നിങ്ങൾ മരിച്ചവനായിരിക്കും. വചനത്താൽ നിറഞ്ഞിരിക്കുന്നതുകൊണ്ടാണ് ഇന്ന് അനേകരും ജീവനുള്ളവരായിരിക്കുന്നത്. തിന്മകൾ നിറഞ്ഞ ഈ യുഗത്തിൽ, ചെറുപ്പക്കാർ വിശുദ്ധ വചനത്തിന് തങ്ങളെത്തന്നെ വിറ്റിരിക്കുന്നത് കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. നിങ്ങളിൽ അനേകർക്കും നിങ്ങളുടെ ഹൃദയത്തിലെ ഏറ്റവും വിലയേറിയ കാര്യം വചനമാണ്. കർത്താവ് നിങ്ങളുടെ ഇടയിൽ നീങ്ങുന്നു എന്നതിന്റെ ഒരു നല്ല അടയാളമാണിത്. അവന്റെ സംസാരം നമ്മോടു കൂടെയുണ്ട്, അവന്റെ വചനം നമ്മിലുണ്ട്. ജീവന്റെ വചനം നിമിത്തം ഇന്ന് സഭാ ജീവിതത്തിലെ എല്ലാവരും നിറഞ്ഞ് തുളുമ്പുന്നു. നമുക്ക് ജീവനുള്ള വചനം ഉണ്ട്.

വചനത്തിലുള്ള ജീവനിൽ വളരെയധികം കാര്യങ്ങൾ ഉള്ളടങ്ങുന്നു. അതിൽ വിശുദ്ധിയും സ്നേഹവും വിനയവും ദയയും ക്ഷമയും ഉള്ളടങ്ങുന്നു. ജീവനിൽ സകല ദിവ്യ സദ്ഗുണങ്ങളും എല്ലാ മനുഷിക നന്മകളും ഉള്ളടങ്ങുന്നു. ജീവന്റെ സമൃദ്ധിയെ ഉപയോഗിച്ചു തീർക്കുവാൻ നമുക്ക് കഴിയില്ല. ജീവന്റെ സമൃദ്ധിയെ ആർക്കാണ് പറയുവാൻ കഴിയുക? ദിവ്യജീവനെക്കുറിച്ച് സംസാരിക്കേണ്ട ആവശ്യം തന്നെയില്ല, കാരണം ഒരു

പൂവിന്റെ വിത്തിലുള്ള ജീവൻപോലും വളരെ സമ്പന്നമാണ്. ഒരു ചെറിയ അളവിലുള്ള ജീവനേ അതിലുള്ളൂ എന്നു തോന്നിക്കും വിധം അത് വളരെ ചെറിയ ഒരു വിത്തായിരിക്കാം. എന്നാലും അതു വളരുന്നു. പൂവിലെ വിത്ത് വളരുകയും പുഷ്പിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്ക് ജീവന്റെ സമൃദ്ധി കാണുവാൻ കഴിയും. സകല സമ്പത്തും ജീവനിൽ ഉണ്ട്. നമുക്കുള്ള ജീവനെ, നാം സ്പർശിക്കുന്ന ജീവനെ നോക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ദിവ്യജീവനിൽ എത്രമാത്രം സമ്പത്തുണ്ട്! ദൈവത്തിന്റെ സകല സമ്പത്തും സഭയിലുണ്ടെന്ന് പറയുവാൻ എനിക്ക് പൂർണ്ണ നിശ്ചയമുണ്ട്, കാരണം വചനം സഭയിലുണ്ട്, വചനം ജീവനെ കൊണ്ടുവരുന്നു. ഈ ജീവനിൽ സമ്പന്നമായ സകല സദ്ഗുണങ്ങളും നന്മകളും ഗുണങ്ങളും അടങ്ങിയിരിക്കുന്നു. നമുക്ക് ജീവനുള്ളിടത്തോളം, നമുക്ക് സമ്പത്തുണ്ട്. താഴ്മയുള്ളവരായിരിക്കുവാൻ ശ്രമിക്കരുത്, കാരണം താഴ്മ ഒരു പക്ഷിയെപ്പോലെയാണ്. നിങ്ങൾ അതിനെ പിടിക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ, അത് പറന്നകലുന്നു. നിങ്ങളുടെ ഭാര്യയെ സ്നേഹിക്കുവാനോ ഭർത്താവിന് കീഴ്പെടുവാനോ ശ്രമിക്കരുത്. നിങ്ങൾക്ക് അത് ചെയ്യാൻ കഴിയുകയില്ല. വചനം സ്വീകരിക്കുക മാത്രം ചെയ്യുക. വചനം ജീവൻ കൊണ്ടുവരുകയും, ഈ ജീവൻ സ്നേഹത്തിലും കീഴ്പെടലിലും പര്യവസാനിക്കുകയും ചെയ്യും. വിനയവും സ്നേഹവും കീഴ്പെടലുമെല്ലാം ഈ ജീവനിൽ കണ്ടെത്താം. നമ്മുടെ പരിശ്രമത്താലോ പ്രവൃത്തിയാലോ നമുക്ക് ഈ നന്മകൾ നേടുവാൻ കഴിയില്ല. അവയെല്ലാം ദിവ്യജീവനിലുണ്ട്.

Fri നമുക്ക് എങ്ങനെ ജീവൻ ഉണ്ടായിരിക്കുവാൻ കഴിയും? കേവലം വചനം സ്വീകരിക്കുക, അപ്പോൾ ജീവൻ വരുന്നു. ജീവൻ വരുമ്പോൾ, എല്ലാ നല്ല കാര്യങ്ങളും അതിനോടുകൂടെ വരുന്നു. ഈ ജീവനിലാണ് ഒരു മനുഷ്യന്റെ താഴ്മയും സൗന്ദര്യവും ഉള്ളത്. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചതിനാൽ, നിശ്ചയമായും മനുഷ്യത്വത്തിൽ സൗന്ദര്യമുണ്ട്. എന്നാൽ ഈ മാനുഷിക സൗന്ദര്യത്തെ ദിവ്യജീവനിൽ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ, ദിവ്യജീവൻ ദിവ്യ വചനത്തിലാണ്. വചനം വരുമ്പോൾ, ജീവൻ വരുകയും, സൗന്ദര്യം ജീവനോടുകൂടെ വരുകയും ചെയ്യുന്നു. സഭാജനത്തെ നോക്കുക: എല്ലാവരും സുന്ദരന്മാരും സുന്ദരികളുമാണ്. അതേ ജനം സഭാജീവിതത്തിൽ ഇല്ലാതിരുന്നുവെങ്കിൽ, അവർക്ക് തേളുകളുടെയോ ആമകളുടെയോ കുരങ്ങുകളുടെയോ കാഴ്ച ഉണ്ടാകുമായിരുന്നു. ഞാൻ വാസ്തവമായും സഭാജനവുമായി പ്രണയത്തിലായിരിക്കുന്നു. പ്രായമായവർ പോലും വളരെ ഭംഗിയുള്ളവരാണ്. ഈ സൗന്ദര്യം, ഈ മനോഹാരിത, ജീവനിൽ നിന്നു വരുകയും, ജീവൻ വചനത്തിൽ നിന്നു വരുകയും ചെയ്യുന്നു. ദൈവം

സംസാരിക്കുമ്പോൾ അവിടെ ജിവൻ ഉണ്ട്. ഈ ജീവൻ വളരെ സമ്പന്നമാണ്.

വചനം വരുമ്പോൾ അത് ശക്തിയെയും കൊണ്ടുവരുന്നു. വചനം വെളിച്ചവും ജീവനും ശക്തിയും കൊണ്ടുവരുന്നു. നിരവധി ക്രിസ്ത്യാനികൾ പെന്തക്കോസ്തുപരമെന്നു വിളിക്കപ്പെടുന്ന കാര്യങ്ങളിൽ ആശ്രയിക്കുന്നു. ഞാനും പെന്തക്കോസ്തു കാര്യങ്ങളിൽ പൂർണമായി വിശ്വസിക്കുന്നു, എന്നാൽ "പെന്തക്കോസ്ത്" രീതിയിൽ അല്ല. നിങ്ങൾക്ക് ഒരു "പെന്തക്കോസ്ത്" അനുഭവം ഇല്ലെങ്കിൽ, നിങ്ങൾക്ക് ശക്തിയില്ലെന്ന് അനേകർ പറയുന്നു. ഞാൻ ഇതിനോട് യോജിക്കുന്നില്ല. എന്റെ ജന്മനഗരത്തിൽ സഭായോഗം നടക്കുന്ന സ്ഥലത്തിന് വളരെ അടുത്ത് ഒരു പെന്തക്കോസ്ത് യോഗസ്ഥലം ഉണ്ടായിരുന്നു. പത്തുവർഷങ്ങൾക്കുശേഷം, അവർ എണ്ണത്തിൽ നൂറിൽ താഴെയായിരുന്നു. അവർ "പെന്തക്കോസ്ത്" കാര്യങ്ങൾ അഭ്യസിക്കുകയും ശക്തി ഉണ്ടെന്ന് അവകാശപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, സഭയുടെ യോഗസ്ഥലം എപ്പോഴും തിങ്ങിനിറഞ്ഞിരുന്നു. ഒരു ദിവസം, ആ പെന്തക്കോസ്ത് ഗ്രൂപ്പിലെ ഒരു നേതാവ് എന്നോട് സംസാരിച്ചു. ഞാൻ പറഞ്ഞു, "സഹോദരാ, നിങ്ങളുടെ അഭിപ്രായമനുസരിച്ച്, നിങ്ങൾക്ക് ശക്തിയുണ്ട്, ഞങ്ങൾക്കില്ല. എന്നാൽ വസ്തുതകളെ നോക്കൂ. നിങ്ങൾക്ക് വളരെ കുറച്ചുപേർ മാത്രമേയുള്ളൂ! ഞങ്ങൾക്ക് ഇവിടെ എത്രയധികം പേരുണ്ട്!" ശക്തി വചനത്തിലാണുള്ളത്.

ഞങ്ങൾ ജീവനുള്ള വചനം പ്രസംഗിക്കുമ്പോൾ അവിടെ ശക്തി ഉണ്ട്. ഈ ശക്തി തൽക്ഷണ ശക്തിയല്ല; അത് നിരന്തരമായ ശക്തിയാണ്. ഇത് കൂൺ മുളയ്ക്കുന്നതു പോലെയുള്ള ശക്തിയല്ല; അത് വളരുന്ന ശക്തിയാണ്. കഴിഞ്ഞ വർഷങ്ങളിൽ ഞാൻ കൂൺ മുളയ്ക്കുന്നതു പോലെയുള്ള നിരവധി നീക്കങ്ങൾ കണ്ടിട്ടുണ്ട്. ഒരു രാത്രി നൂറുപേർ മാനസാന്തരപ്പെടുന്നു, എന്നാൽ രണ്ട് മാസത്തിനുശേഷം അവരിൽ കുറച്ചുപേരെ മാത്രമേ കണ്ടെത്താൻ കഴിയൂ. നമ്മുടെ അധ്വാനത്തിൽ നമ്മൾ ചെയ്യുന്നത് പൂവിന്റെ ഒരു ചെറിയ വിത്ത് വിതയ്ക്കുന്നതു പോലെയാണ്. രണ്ടാഴ്ച കഴിയുമ്പോൾ യാതൊന്നും സംഭവിച്ചിട്ടില്ലെന്ന് തോന്നാം. ക്രമേണ ഒരു പച്ച മുള പ്രത്യക്ഷപ്പെടുന്നു. ഒടുവിൽ, അത് പൂക്കുകയും, വിത്ത് ഉൽപാദിപ്പിക്കുകയും, രണ്ടാമത്തെ പുനരുൽപാദനം സംഭവിക്കുകയും ചെയ്യുന്നു. ഇതാണ് ജീവന്റെ ശക്തി.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭകളിൽ നമുക്ക് കൂൺ മുളയ്ക്കുന്നതു പോലെയുള്ള വികസനങ്ങളൊന്നുമില്ല. ആഴ്ചയിൽ മൂവായിരം ആളുകളെ നേടിയെന്ന് ഒരു സ്ഥലത്തെ സഹോദരന്മാർ അവകാശപ്പെടുന്നുവെങ്കിൽ, ഞാൻ പറയും, "നമുക്ക് കാത്തിരുന്നു കാണാം. കുറച്ച് സമയത്തിനുശേഷം, അവരിൽ മിക്കപേരും അപ്രത്യക്ഷമാകും." സഭാവയലിൽ വചനം

വിതയ്ക്കുന്നതും വളരുന്നതും കാണുവാൻ നാം ഇഷ്ടപ്പെടുന്നു. വർഷം തോറും അത് വളരുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്യും. നിങ്ങൾ കാത്തിരുന്ന് കാണുക. സഭകളിലുള്ളതുപോലെ യാതൊന്നും ഇത്രത്തോളം പ്രബലമായി നിലനിൽക്കുകയില്ല. ഇവിടെയുള്ള ശക്തി ജീവനല്ലാതെ മറ്റൊന്നുമല്ലാത്തതുകൊണ്ട് അത് പ്രബലമാകുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും. ഈ ജീവൻ വരുന്നത് വചനത്തിൽനിന്നാണ്. വചനം ജീവനെ കൊണ്ടുവരുകയും, ജീവൻ നിലനിൽക്കുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നു. കർത്താവ് എന്നെ ഈ രാജ്യത്ത് നിന്ന് എടുത്തുകളയുകയാണെങ്കിൽ, ഈ രാജ്യത്തുള്ള കർത്താവിന്റെ പ്രത്യുദ്ധാരം ഇനിയും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും എന്ന പൂർണ ഉറപ്പ് എനിക്കുണ്ട്, കാരണം ഇത് മനുഷ്യന്റെ പ്രവർത്തനത്താൽ ഉളവായ ഒരു പ്രസ്ഥാനമല്ല. ഇത് ദിവ്യജീവൻ വളരുന്നതിന്റെ ഒരു നീക്കമാണ്. ഇവിടെ വിത്തു വിതയ്ക്കപ്പെട്ടിരിക്കുന്നു, വചനം വന്നിരിക്കുന്നു, ഇവിടെ ജീവനുണ്ട്. ഹല്ലേലൂയാ! എവിടെ വചനം ഉണ്ടോ അവിടെ ജീവനിലുള്ള ശക്തി ഉണ്ട്. എന്തുകൊണ്ടാണ് ദൈവം സംസാരിക്കുന്നതെന്ന് ഇപ്പോൾ നമുക്ക് കാണുവാൻ കഴിയും. പ്രകാശിക്കുവാനും ജീവിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമായി അവൻ സംസാരിക്കുന്നു.

## I. പിതാക്കന്മാരോട്

ദൈവം രണ്ടു ഘട്ടങ്ങളിലായി സംസാരിക്കുന്നു—പിതാക്കന്മാരോടും നമ്മോടും. പണ്ട് അവൻ പിതാക്കന്മാരോട് സംസാരിച്ചു; ഈ അന്ത്യനാളുകളിൽ അവൻ നമ്മോടു സംസാരിക്കുന്നു. മനുഷ്യരോട് സംസാരിച്ചതിനുമുമ്പ് ദൈവം ഒന്നിനോടും സംസാരിച്ചില്ല. ഇല്ലാതിരുന്നതിനോട് അവൻ സംസാരിച്ചു. അക്കാലത്ത് ഒന്നും ഉണ്ടായിരുന്നില്ല; അതിനാൽ അവൻ ഒന്നുമില്ലാത്തതിനോട് സംസാരിച്ചു. അവന്റെ സംസാരത്താൽ ഇല്ലാത്തവയെ അവൻ ഉള്ളവയായി വിളിച്ചു (റോമ 4:17, പ്രത്യുദ്ധാര ഭാഷ്യം). അവൻ പറഞ്ഞു, "വെളിച്ചം!" വെളിച്ചം ഉളവായി. മുഴുവൻ പ്രപഞ്ചവും അവന്റെ സംസാരത്താൽ, അവന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ടു. മുഴുവൻ പ്രപഞ്ചവും ദൈവവചനത്താലായിരുന്നു നിർമിക്കപ്പെട്ടത് (11:3). "അവൻ അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു, അങ്ങനെ സ്ഥാപിതമായി" (സങ്കീ 33:9). സംസാരിക്കുന്നതിലൂടെ ദൈവം പ്രവർത്തിച്ചു. ഇന്ന് നമ്മുടെ ഇടയിലുള്ള ദൈവത്തിന്റെ യഥാർഥ പ്രവർത്തനം അവന്റെ സംസാരമാണ്. ദൈവം നമ്മുടെ ഇടയിൽ സംസാരിക്കുന്നില്ലെങ്കിൽ, നാം എത്രമാത്രം പ്രവർത്തിച്ചാലും നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല. ദൈവം സംസാരിക്കുന്നില്ലെങ്കിൽ, സഭകളിലെ മൂപ്പന്മാർക്കും നേതൃത്വം നൽകുന്നവർക്കും

യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല. എന്നാൽ അവൻ സംസാരിക്കുമ്പോൾ, "കർത്താവിനു സ്തോത്രം!" എന്നു നാം പറയണം. ദൈവം ഒന്നിമില്ലാത്തതിനോട് സംസാരിക്കുന്നെങ്കിലും, ചിലതു വരുന്നു. ഇല്ലാത്തതിനെ ഉള്ളതുപോലെ അവൻ വിളിക്കുന്നു. അവന്റെ സംസാരത്താൽ സകലവും ഉളവാകുന്നു. മുഴുവൻ പ്രപഞ്ചവും അവന്റെ വചനത്താൽ നിർമിക്കപ്പെട്ടു. അതിനുശേഷം മനുഷ്യജാതി ഉളവായി.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിനുശേഷം, ദൈവം പിതാക്കന്മാരോട് സംസാരിച്ചു. അവൻ പണ്ട് പല ഭാഗങ്ങളിലും, പല വിധങ്ങളിലും പ്രവാചകന്മാരിൽ പിതാക്കന്മാരോട് സംസാരിച്ചു (1:1). പഴയനിയമത്തിൽ, ദൈവം ജനത്തോട് ഒരിക്കൽ മാത്രമായും ഒരു വിധത്താൽ മാത്രമായുമല്ല സംസാരിച്ചത്, പിന്നെയോ നിരവധി ഭാഗങ്ങളിലും പല വിധങ്ങളിലും സംസാരിച്ചു — ഒരു ഭാഗത്ത് പൂർവ പിതാക്കന്മാരോട് ഒരു വിധത്തിലും, മറ്റൊരു ഭാഗത്ത് മോശെയിലൂടെ മറ്റൊരു വിധത്തിലും, ഇനിയും വേറൊരു ഭാഗത്ത് ദാവീദിലൂടെ ഒരു വിധത്തിലും, മറ്റു ഭാഗങ്ങളിൽ നിരവധി പ്രവാചകന്മാരിലൂടെ വ്യത്യസ്ത വിധങ്ങളിലും സംസാരിച്ചു. പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളായ പഞ്ചഗ്രന്ഥത്തിൽപോലും നിരവധി വ്യത്യസ്ത ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നിവ ഓരോ പുസ്തകവും വ്യത്യസ്ത ഭാഗവും, ഓരോ പുസ്തകത്തിനും നിരവധി ഭാഗങ്ങളും ഉണ്ട്. വേദപുസ്തകം പോലെ സമ്പന്നമായ ഏതെങ്കിലും രചന നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? പഴയനിയമത്തിൽ വിവിധ ഭാഗങ്ങളുണ്ട്: ചരിത്രങ്ങളും വൃത്താന്തങ്ങളും സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളും വ്യത്യസ്തരായ നിരവധി പ്രവാചകൻമാരും. ചില പുസ്തകങ്ങൾ അറുപതിലധികം അധ്യായം നീളമുള്ളവയാണ്; മറ്റുള്ളവ കുറച്ച് അധ്യായങ്ങൾ മാത്രം അടങ്ങുന്ന ഹ്രസ്വമായതാണ്. സംസാരിക്കുവാനുള്ള എല്ലാ വ്യത്യസ്തമായ വിധങ്ങളും വേദപുസ്തകം ഉപയോഗിച്ചു തീർത്തിരിക്കുന്നു: പ്രവചനം, മുൻകുറി, നിഴൽ, പ്രതിരൂപം എന്നിവ; സ്ത്രീകളെയും പാമ്പിനെയും പുരുഷനെയും സിംഹത്തെയും തേളിനെയും ആട്ടിൻകുട്ടിയെയും വെള്ളത്തെയും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെയും വിവിധതരം വൃക്ഷങ്ങളെയും സസ്യങ്ങളെയും ഉപയോഗിക്കുന്ന വിധം; വ്യക്തമായ വാക്കുകളും ഉദാഹരണങ്ങളും പഴഞ്ചൊല്ലുകളും ഉപമകളും ദൃഷ്ടാന്തങ്ങളും മാതൃകകളും. ഉച്ചാരണത്തിന്റെ ഓരോ രീതിയും തിരുവെഴുത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവം മോശെയോട് സംസാരിച്ചപ്പോൾ, അവൻ അത് വ്യക്തമായ വാക്കിലൂടെ ചെയ്തില്ല, മറിച്ച് കത്തുന്നുവെങ്കിലും വെന്തുപോകാത്ത ഒരു മുൾപടർപ്പിലൂടെ ചെയ്തു (പുറ. 3:1-6). അത് അത്ഭുതകരമായ ഒരു സംസാര രീതിയായിരുന്നു. താൻ ദഹിപ്പിക്കപ്പെടേണ്ട

ആവശ്യമില്ലെന്ന് ആ സംഭവത്തിലൂടെ മോശെയ്ക്ക് മനസ്സിലായി. അവൻ എരിയുന്നവനാകണം, എന്നാൽ അവൻ ദഹിപ്പിക്കപ്പെടേണ്ട ആവശ്യമില്ലായിരുന്നു. ദൈവം അവനെ ഇന്ധനമായി ഉപയോഗിക്കുവാൻ പോകുന്നില്ല. കത്തുന്ന ഒരു ചെറിയ മുൾപടർപ്പ് മോശെയോട് ഒരുപാടു കാര്യങ്ങൾ സംസാരിച്ചു. ആ വിധത്തിലായിരുന്നു ദൈവം മോശെയോട് സംസാരിച്ചത്. ഓ, ബൈബിളിലെ ജ്ഞാനം! ഏറ്റവും ലളിതമായ കാര്യങ്ങൾ ദൈവത്തിന്റെ സംസാരത്തിനുവേണ്ടി അഗാധമായ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. വാസ്തവമായും ദൈവം പല ഭാഗങ്ങളിലും പല വിധങ്ങളിലും സംസാരിച്ചിരിക്കുന്നു.

## II. നമ്മോട്

### A. ഈ അന്ത്യനാളുകളിൽ

എബ്രായർ 1:2 *ഈ നാളുകളുടെ അന്ത്യത്തിൽ* എന്ന പ്രയോഗം ഉപയോഗിക്കുന്നു "ഈ നാളുകളുടെ അവസാനം" എന്നും ഇതിനെ വിവർത്തനം ചെയ്യാം. ഇത് മിശിഹായെ പരിചയപ്പെടുത്തി, ന്യായപ്രമാണ യുഗത്തിന്റെ അവസാനത്തെ സൂചിപ്പിക്കുന്ന, ഒരു എബ്രായ പദപ്രയോഗമാണ്. (യെശ. 2: 2; മീഖാ 4: 1).

### B. പുത്രനിൽ

അന്ത്യനാളുകളിൽ ദൈവം സംസാരിച്ചു, പുത്രനിൽ ഇപ്പോഴും സംസാരിക്കുന്നു.

#### *1. വചനമായി*

പുത്രൻ വചനം ആകുന്നു (യോഹന്നാൻ 1:1; വെളി 19:13). "ആദിയിൽ വചനം ഉണ്ടായിരുന്നു... വചനം ദൈവം ആയിരുന്നു." അവൻ ദൈവത്തിന്റെ സംസാരത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ വചനമായിരുന്നു. പുത്രൻ പൂർണമായും ദൈവത്തിന്റെ സംസാരത്തിനുവേണ്ടിയുള്ള വചനമാണ്.

#### *2. പിതാവായ ദൈവത്തെ പ്രഖ്യാപിക്കുന്നു*

പുത്രൻ വചനമായിരിക്കുന്നത് മുഖ്യമായും പിതാവായ ദൈവത്തെ പ്രഖ്യാപിക്കുവാനാണ്, അതായത്, ദൈവത്തെ പ്രഖ്യാപിക്കുവാനും, നിർവചിക്കുവാനും ആവിഷ്കരിക്കുവാനും വെളിപ്പെടുത്തുവാനുമാണ് (യോഹ. 1:18). പുത്രൻ എത്രത്തോളം സംസാരിക്കുന്നുവോ അത്രത്തോളം ദൈവം ആവിഷ്കരിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്യുന്നു.

### *3. ജീവൻ പകരുന്നു*

പുത്രനെന്ന മുഴുവൻ വ്യക്തിയും ദിവ്യ സംസാരമാണ്. ദൈവത്തിന്റെ വചനവും ദൈവത്തിന്റെ സംസാരവും എന്ന നിലയിൽ പുത്രൻ നമുക്ക് നിരന്തരം ജീവൻ പകരുന്നു. വചനമെന്ന നിലയിൽ അവൻ ജീവൻ വഹിക്കുന്നു. അവൻ എപ്പോഴും നമ്മിലേക്കു ജീവൻ പകരുന്നു. അവനെ സ്വീകരിക്കുമ്പോൾ നമുക്ക് ജീവൻ ഉണ്ട്.

### *4. ആത്മാവിലൂടെ യാഥാർഥ്യത്തെ വെളിപ്പെടുത്തുന്നു*

ദിവ്യ സംസാരത്തിനുവേണ്ടിയുള്ള ദിവ്യവചനം എന്ന നിലയിൽ പുത്രൻ ആത്മാവിലൂടെ യാഥാർഥ്യത്തെ വെളിപ്പെടുത്തുന്നു (യോഹ. 16:12-15). ദൈവം നമുക്ക് ആയിരിക്കുന്നതെല്ലാം ആകുന്നു യാഥാർഥ്യം. ഈ യാഥാർഥ്യം വചനമെന്ന നിലയിൽ പുത്രനാൽ ആത്മാവിലൂടെ നമുക്ക് വെളിപ്പെടുന്നു.

## C. ആത്മാവായി പുത്രനിൽ

### *1. സഭകളോട് സംസാരിക്കുന്നു*

പുത്രൻ സംസാരിക്കുമ്പോഴെല്ലാം അവൻ ആത്മാവാണ്. സംസാരിക്കുന്ന പുത്രൻ ആത്മാവാണ്. ദൈവപുത്രൻ വചനമാണ്. വചനം ശബ്ദിക്കുമ്പോൾ അത് ആത്മാവായിത്തീരുന്നു. ഇത് വെളിപ്പാട് 2, 3 എന്നീ അധ്യായങ്ങളിലെ ഏഴു ലേഖനങ്ങളാൽ തെളിയിക്കപ്പെടുന്നു. ഓരോ ലേഖനത്തിന്റെയും ആരംഭത്തിൽ, കർത്താവ് സംസാരിക്കുന്നുവെന്ന് അതു പറയുന്നു, എന്നാൽ അവസാനം അതു പറയുന്നത് ആത്മാവു സഭകളോടു പറയുന്നത് നാം കേൾക്കണമെന്നാണ്. കർത്താവായ യേശു സംസാരിക്കുമ്പോഴെല്ലാം അവൻ സംസാരിക്കുന്ന ആത്മാവാണെന്ന് ഇത് തെളിയിക്കുന്നു. പുത്രൻ സംസാരിക്കുമ്പോഴെല്ലാം അത് ആത്മാവു സംസാരിക്കുന്നതാണ്. വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു താരതമ്യങ്ങളെ നിങ്ങൾ നോക്കുകയാണെങ്കിൽ, പുത്രൻ പറയുന്നതെല്ലാം ആത്മാവിന്റെ സംസാരമാണെന്ന് നിങ്ങൾ കാണും (വെളി. 2:1 പ്ര.നി. 7; 2:8 പ്ര.നി. 11; 2:12 പ്ര.നി. 17; 2:18 പ്ര.നി. 29; 3:1 പ്ര.നി. 6; 3:7 പ്ര.നി. 13; 3:14 പ്ര.നി. 22). നമുക്ക് ദൈവവചനമായ പുത്രനുണ്ട്. അവൻ ദൈവവചനം മാത്രമല്ല, ദൈവത്തിന്റെ സംസാരവുമാണ്. അവൻ സംസാരിക്കുമ്പോഴെല്ലാം സംസാരിക്കുന്ന ആത്മാവാണ്. "ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ. 6:63).

### *2. സഭയോടുകൂടെ സംസാരിക്കുന്നു*

ഇന്ന് സംസാരിക്കുന്ന ആത്മാവെന്ന നിലയിൽ പുത്രൻ

സഭകളോടുകൂടെ സംസാരിക്കുന്നു. അവൻ സഭകളോടു സംസാരിക്കുന്നുവെന്നു മാത്രമല്ല, സഭകളോടുകൂടെയും സംസാരിക്കുന്നു. വെളിപ്പാട് 22:17 പറയുന്നു, "വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു." വെളിപ്പാട് പുസ്തകത്തിന്റെ ആരംഭത്തിൽ ആത്മാവാണ് സഭകളോടു സംസാരിക്കുന്നത്, എന്നാൽ വെളിപ്പാടിന്റെ അവസാനം ആത്മാവു സഭകളോടുകൂടെയാണ് സംസാരിക്കുന്നത്, കാരണം സംസാരിക്കുന്ന ആത്മാവും സഭയും ഒന്നായിത്തീർന്നിരിക്കുന്നു. ഹല്ലേലൂയാ! ഇതാണ് ദൈവത്തിന്റെ സംസാരം.